# അട്ടപ്പാടിയുടെ വികസനാനുഭവവും ആദിവാസി ശിഥിലീകരണവും

എം. ഗീതാനന്ദൻ

അട്ടപ്പാടിയിലെ ആദിവാസികൾ അരനൂറ്റാണ്ടുകൊണ്ട് ജനസംഖ്യയിൽ നേർപകുതിയിലും താഴെയായി. 1950-ൽ ആയിരത്തോളം കുടിയേറ്റക്കാർ മാത്രമുണ്ടായിരുന്ന അട്ടപ്പാടിയിൽ ആകെ ജനസംഖ്യ 66,171 ആണെങ്കിൽ ആദിവാസികൾ 27,121 മാത്രമാണ്. അട്ടപ്പാടിയിലെ ഈ വംശഹത്യയുടെ ചരിത്രത്തിന് ഭൂമിയിൽ നിന്നും വനാശ്രിതത്വത്തിൽ നിന്നുമുള്ള ആദിവാസികളുടെ നിഷ്കാസനവുമായി ബന്ധമുണ്ട്.

ജന. കൺവീനർ, ഭൂ അധികാര സംരക്ഷണ സമിതി,

**വ**ംശീയമായി തുടച്ചുനീക്കപ്പെട്ടുകൊണ്ടിരിക്കുന്ന അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിലെ അവസാനത്തെ ഇരയാണ് മധു. കാടിന്റെയും കാട്ടാറിന്റെയും സന്തതി. മല്ലീശ്വരന്റെയും ഭവാനിപ്പുഴയുടെയും സന്തതി. ക്രൂരമായ ബാഹ്യലോകത്തുനിന്നും ഭയന്നോടി, മല്ലീശ്വരന്റെ മടിത്തട്ടിൽ അഭയം തേടിയവൻ. ചുരം കയറിയെത്തിയ 'നാട്ടുകാർ' ഇവനെ ഭ്രാന്തനെന്ന് മുദ്രകുത്തി. ഇത്തവണ ഒരു ആദിവാസി യുവാവിനെ 'നാട്ടുകാർ' ഇരയാക്കിയപ്പോൾ അട്ടപ്പാടിയിലെ ആദിവാസി ഗോത്രങ്ങളുടെ വംശീയമായ ഐശ്വര്യവും കെട്ടുറപ്പും കാത്തുപോരുന്ന മല്ലീശ്വരനും, അട്ടപ്പാടിക്ക് ജീവജലം ചുരത്തു ഭവാനിപ്പുഴയും സാക്ഷിയാണ്. മോഷ്ടാവായി മുദ്രകുത്തപ്പെട്ട മധുവിനെ ചൂണ്ടിക്കാട്ടാനും, ബന്ധനസ്ഥനാക്കി ആർപ്പുവിളിയോടെ കൊണ്ടുപോകാനും 'നാട്ടുകാർ'ക്ക് അകമ്പടിയായിരുന്നത് വനത്തിന്റെ കാവലാളായി ഭരണകൂടം ചുമതലപ്പെടുത്തിയ വനം വകുപ്പ് ഉദ്യോഗസ്ഥരാണെന്നതും വിരോധാഭാസമാണ്. എല്ലും തോലും മാത്രമായിരുന്ന 'മോഷ്ടാവി'ന്റെ ആമാശയത്തിൽ അവസാനം കഴിച്ച ഭക്ഷണാവശിഷ്ടം ഒരു കഷ്ണം പഴം മാത്രമായിരുന്നെന്ന് വാർത്തകൾ പറയുന്നു. അസ്ഥികളെ ബന്ധിപ്പിച്ച മാംസപേശികൾ ഏറെ ദുർബ്ബലമായിരുന്നു. എന്നിട്ടും, അവസാനശ്വാസം വരെ അവർ അവനെ മർദ്ദിച്ചു. പൊതുദർശനത്തിനും പ്രതികാരത്തിനുമായി മുക്കാലിക്കവലയിലുള്ള മണ്ഡപത്തിൽ ചാരിയിരുത്തി. സെൽഫിയെടുത്ത് ആഘോഷമാക്കി മാറ്റിയ ഈ ചടങ്ങിന്റെ അവസാനം വേട്ടക്കാരിലൊരാൾ ഇരയുടെ നെഞ്ചിലേയ്ക്ക് ആഞ്ഞു ചവിട്ടുന്നു. ഒരു പഴന്തുണിക്കെട്ടുപോലെ ഇരയുടെ ശരീരം കോടി പോവുകയും ഭിത്തിയിൽ തലയിടിച്ച് നിലത്തുവീഴുകയും ചെയ്യുന്നു. ഇതിന് മല്ലീശ്വരൻ സാക്ഷിയാണെന്നാണ് ആദിവാസികൾ വിശ്വസിക്കുന്നത്.

## വംശഹത്യയുടെ ക്രൂരമുഖം

മധുവിന്റെ മരണം അഗളി പോലീസിന്റെ ക്രൈംനമ്പർ 87/18 ആയി CrPc 174 വകുപ്പനുസരിച്ച് അസ്വാഭാവിക മരണത്തിനാണ് കേസെടുത്തത്. നാല് ദിവസം കഴിയുമ്പോൾ കേസിൽ 16 പ്രതികളെ ഉൾപ്പെടുത്തി എഫ്.ഐ.ആർ-ന് മാറ്റം വരുത്തുകയും ഇങ്ങനെ രേഖപ്പെടുത്തിയതായും കാണുന്നു. 'അഗളി പോലീസ് സ്റ്റേഷൻ ക്രൈം: 87/2018, 174 CrPc Altrerd into 143, 147, 148, & 323, 325, 364, 365, 367, 368, 302 r/w 149 IPC & SC-ST POA act 3 (1), (d) (r) 3 (2) V and section 27(2) of Kerala Forest Act അട്ടപ്പാടിയിലെ ആദിവാസികൾ കൊലചെയ്യപ്പെട്ടാൽ ദുരൂഹമരണമാക്കി, അസ്വാഭാവിക മരണത്തിന് കേസെടുക്കുക എന്നതാണ് അഗളി പോലീസ് സാധാരണ ചെയ്തുവരാറുള്ളത്. ജനരോഷം ആ പതിവിനെ ഇപ്പോൾ മാറ്റിമറിച്ചിരിക്കുന്നു. ഒരു സംഘം ആളുകൾ ഒരാളെ മർദ്ദിച്ച് മൃതപ്രായനാക്കി, സെൽഫിയെടുത്ത് ലോകം മുഴുവൻ

പ്രചരിപ്പിക്കുകയും, മോഷ്ടാവെന്ന നിലയിൽ പോലീസിൽ ഏൽപ്പിച്ച ഉടൻ വഴിമധ്യേ ഛർദ്ദിച്ച് മരണപ്പെട്ടാൽ അതെങ്ങിനെയാണ് അസ്വാഭാവിക മരണമാകുക? ഫെബ്രുവരി 22 ന് കൊല ചെയ്യപ്പെട്ടിട്ടും ഫെബ്രുവരി 25 ന് ആണ് 16-ഓളം പ്രതികളെ അറസ്റ്റുചെയ്യുത്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നാൽ കേസെടുക്കാമെന്നാണ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ വ്യക്തമാക്കിയത്. കൊലപാതകമെന്ന് ബോദ്ധ്യം വന്ന ഒരു മരണത്തിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നാലേ കേസെടുക്കൂ എന്ന ന്യായം ആദിവാസികൾക്ക് മാത്രമുള്ളതാണോ?

അഗളി പോലീസിന്റെ വർഷങ്ങളായുള്ള ആദിവാസി വിരുദ്ധതയാണ് മറയില്ലാതെ പുറത്തുവന്നത്. ആദിവാസി കൊലചെയ്യപ്പെട്ടാൽ അത് അസ്വാഭാവിക മരണം മാത്രമായി എഴുതി തള്ളിയ നൂറുക്കണക്കിന് കേസുകളാണ് അട്ടപ്പാടിയിലുള്ളത്. 2002 ൽ നടത്തിയ ഒരു സർവ്വേ വ്യക്തമാക്കിയത് 106 കൊലകൾ ദുരൂഹ മരണമായി എഴുതി തള്ളുകയോ, പ്രതികളെ അറസ്റ്റ് ചെയ്യാതിരിക്കുകയോ ചെയ്തതായി കണ്ടെത്തിയിരുന്നു. അതിന് ശേഷം ഒരു ദശകം കഴിഞ്ഞു. ആദിവാസികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയാനുള്ള പോലീസ് സംവിധാനമായ എസ്.എം.എസ്-നെ വെറും നോക്കുകുത്തിയാക്കി കൊലകളെ ദുരൂഹ മരണമായി തുടർന്നും മാറ്റിയിട്ടുണ്ട്. മരുതി എന്ന യുവതിയുടെ കൊല ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. ആദിവാസികളെ തുല്യാവകാശമുള്ള പൗരന്മാരായി കണക്കാക്കാൻ തയ്യാറല്ലാത്തവർക്കെതിരെ അട്ടപ്പാടിയിലും പുറത്തും ഉയർന്നുവന്ന വമ്പിച്ച ജനരോഷം മാത്രമാണ് ദുരൂഹമരണത്തിൽ നിന്നും കൊലപാതകത്തിലേക്ക് മാറ്റം വരുത്താൻ പോലീസിനെ നിർബന്ധിതമാക്കിയത്. ഈ സാഹചര്യത്തിൽ അട്ടപ്പാടിയിൽ നാളിതുവരെ നടന്ന ദുരൂഹമരണങ്ങളെ കുറിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകേണ്ടതാണ്, മാത്രമല്ല, മധുവിന്റെ കൊലപാതകത്തിൽ വനം വകുപ്പിനുള്ള ബന്ധവും പുറത്തുവന്നേ മതിയാകൂ. മധുവിനെ കൊലയാളികൾക്ക് ചൂണ്ടിക്കാട്ടുന്നതിലും മർദ്ദിക്കുന്നതിലും പോലീസിനെ ഏൽപ്പിക്കുന്നതിലും വനംവകുപ്പ് ഉദ്യോഗസ്ഥർ പങ്കുവഹിച്ചിട്ടുണ്ടെന്ന് നിരവധി മൊഴികൾ പുറത്തുവിട്ടുണ്ട്. കേസ് ദുർബ്ബലപ്പെടാതിരിക്കാൻ വനംവകുപ്പ് ഉദ്യോഗസ്ഥർ പ്രതികളാകേണ്ടതുമാണ്.

## ആദിവാസിയെ മോഷ്ടാവാക്കുമ്പോൾ

മധു കൊല്ലപ്പെട്ട ശേഷം മാറ്റം വരുത്തിയ എഫ്.ഐ.ആർ-ലും മധു ഒരു മോഷാടാവാണെന്ന് സ്ഥാപിക്കുവാൻ പോലീസ് ബോധപൂർവ്വം ശ്രമിച്ചതായി കാണുന്നു. എവിടെയും മനോദൗർബ്ബല്യമുള്ള വ്യക്തിയാണെന്ന് സൂചിപ്പിക്കുന്നുമില്ല. എഫ്.ഐ.ആർ. ഇങ്ങനെ തുടങ്ങുന്നു. “22-02-2018 തിയ്യതി 14.15 മണിക്ക് അഗളി പോലീസ് സ്റ്റേഷനിലെ വിവിധ കളവുകേസിലെ പ്രതിയായ മധു ചിണ്ടക്കി എന്നയാളെ മുക്കാലി ജംഗ്ഷനിൽ നാട്ടുകാർ പിടികൂടി വെച്ചിരിക്കുന്ന വിവരം ലഭിച്ചതനുസരിച്ച് ടിയാളെ മുക്കാലിയിൽ നിന്ന് ഡിപ്പാർട്ട്മെന്റ് ജീപ്പിൽ 15.30 മണിക്ക് കൂട്ടിക്കൊണ്ടുവരുന്ന സമയം, താവളം ജംഗ്ഷനിൽ വെച്ച് ഛർദ്ദിച്ച് അവശനാവുകയും സ്റ്റേഷനിലേയ്ക്ക് കൊണ്ടുവരുന്ന വഴി മെഡിക്കൽ പരിശോധനയ്ക്കായി അഗളി സി.എച്ച്.സി-യിൽ എത്തിച്ച് ഡോക്ടർ പരിശോധിച്ചതിൽ ടിയാൻ മരണപ്പെട്ടതായി പറഞ്ഞകാര്യം.....” നാടെങ്ങും മധു മനോദൗർബല്യമുള്ള ആളാണെന്ന് അറിഞ്ഞിട്ടും, അഗളി പോലീസ് സ്റ്റേഷനിലെ നിരവധി മോഷണകേസുകളിലെ പ്രതിയായാണെന്നാണ് വളരെ ബോധപൂർവ്വം എഫ്.ഐ.ആർ-ൽ രേഖപ്പെടുത്തിയത്. മനോദൗർബ്ബല്യമുള്ള ആളാണെന്ന യാതൊരു ആനുകൂല്യവും മധുവിന് നൽകുന്നുമില്ല.

അട്ടപ്പാടിയിലെ ആദിവാസികൾ അരനൂറ്റാണ്ടുകൊണ്ട് ജനസംഖ്യയിൽ നേർപകുതിയിൽ താഴെയായി. 1950-ൽ 1000 ഓളം കുടിയേറ്റക്കാർ മാത്രുണ്ടായിരുന്ന അട്ടപ്പാടിയിൽ ആകെ ജനസംഖ്യ 66,171 ആണെങ്കിൽ ആദിവാസികൾ 27,121 മാത്രമാണ്. 144 ഊരുകളിൽ ഇരുളരും, 24 ഊരുകളിൽ മുഡുകരും, 19 ഊരുകളിൽ കുറുമ്പരുമാണ്. അട്ടപ്പാടിയിലെ വംശഹത്യയുടെ ചരിത്രത്തിന് ഭൂമിയിൽ നിന്നും വനാശ്രിതത്വത്തിൽ നിന്നുമുള്ള ആദിവാസികളുടെ നിഷ്കാസനവുമായി ബന്ധമുണ്ട്.

സൈലന്റ് വാലിയുടെ വടക്ക്-കിഴക്കൻ മേഖലയായി കണക്കാക്കാൻ കഴിയുന്ന മുക്കാലി മുതൽ ആനവായ് വരെയുള്ള ആദിവാസി ഊരുകളിലേറെയും വനാശ്രിതരായ ആദിവാസികളായിരുന്നു. മുക്കാലിയിൽ നിന്നും ആനവായ് വരെയുള്ള പാതയിൽ ചിണ്ടക്കി ഒന്ന്, ചിണ്ടക്കി രണ്ട് എന്നീ സൊസൈറ്റീസ് സെറ്റിൽമെന്റുകൾ അട്ടപ്പാടി ഗിരിജൻ സർവ്വീസ് സൊസൈറ്റി എന്ന സർക്കാർ നിയന്ത്രിത സൊസൈറ്റിയിൽ നിക്ഷിപിതമാക്കിയ ഭൂമിയാണ്. ചിണ്ടക്കി, കരുവേര, പോത്തുപ്പാടി, വട്ടുലക്കി എന്നീ യൂണിറ്റുകളിലായി അട്ടപ്പാടിയിലെ വിവിധ മേഖലകളിലെ 3000 ഏക്കർ നിക്ഷിപ്ത വനഭൂമി 1980 കാലത്ത് ആദിവാസികൾക്ക് അഞ്ച് ഏക്കർ വീതം പട്ടയം നൽകിയവയായിരുന്നു. എന്നാൽ പട്ടയം തിരിച്ചുവാങ്ങി സർക്കാർ സൊസൈറ്റിയിൽ നിക്ഷിപ്തമാകുമ്പോൾ അഞ്ച് വർഷം കഴിഞ്ഞ് ഉടമകൾക്ക് നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. നാളിതുവരെ സർക്കാർ ആ വാഗ്ദാനം പാലിച്ചിട്ടില്ല. ആദിവാസികൾ 2001-ൽ നടത്തിയ കുടിൽകെട്ടി സമരത്തിന്റെ പര്യവസാനത്തിലും, 2014-ൽ നിൽപ്പുസമരം നടത്തിയതിനെ തുടർന്നും സർക്കാർ ഇതേ വാഗ്ദാനം നൽകിയിരുന്നു. വയനാട്ടിലെ സുഗന്ധഗിരി, പൂക്കോട് തുടങ്ങിയ പ്രോജക്ടുകൾ പിരിച്ചുവിട്ടിരുന്നു. അട്ടപ്പാടി സൊസൈറ്റി ഇപ്പോഴും ഉദ്യോഗസ്ഥപ്രമാണിമാർ കൊണ്ടുനടക്കുന്നു. ചിണ്ടക്കി ഒന്ന്, ചിണ്ടക്കി രണ്ട് എന്നീ പ്രോജക്ടിനുവേണ്ടി സർക്കാർ ഭൂമി ഏറ്റെടുത്തപ്പോൾ മുഡുക സമുദായത്തിന് പാരമ്പര്യമായി അവകാശപ്പെട്ട വനഭൂമി സൊസൈറ്റിക്ക് വേണ്ടി എടുത്തതായി പറയുന്നു. മുഡുക സമുദായത്തിന് അവകാശപ്പെട്ട ഭൂമി പോത്തുപ്പാടി യൂണിറ്റിനുവേണ്ടിയും ഏറ്റെടുത്തിട്ടുണ്ട്. മുഡുകർ ഇന്ന് വനത്തിൽ നിന്നും പുറന്തള്ളപ്പെട്ട് സമ്പൂർണ്ണ ഭൂരഹിതരാണ്. 8000 ഓളം മാത്രമേ ആകെ ജനസംഖ്യയുള്ളു. കൊല്ലപ്പെട്ട മധുവും കുടുംബവും കടുകുമണ്ണയ്ക്കടുത്തുള്ള ഊരായ ചിണ്ടക്കി ഊരിലെ ഈ തലമുറയിൽപ്പെട്ടവരാണ്. വനാവകാശം നിലവിൽ വന്നിട്ടും ആരും ഇത് അംഗീകരിക്കാൻ തയ്യാറായിട്ടില്ല. മധു കൊല്ലപ്പെടുമ്പോൾ മനോദൗർബ്ബല്യംകൊണ്ട് അലഞ്ഞു തിരിയുകയും മല്ലീശ്വരൻ മുടിയുടെ താഴെ ഒരു ഗുഹാവാസിയായി മാറുകയുമായിരുന്നു. അന്യനാട്ടിൽ തൊഴിൽ തേടി പോയ സന്ദർഭത്തിൽ ഏതോ സാഹചര്യത്തിൽ മനസ്സിന്റെ താളം തെറ്റുകയും ചെയ്തു. മനോനില തെറ്റിയ നിര

വധി ആദിവാസികളെ ഊരുകളിൽ കണ്ടെത്താൻ കഴിയും. പ്രകൃതിയും തുടിതാളവുമായുള്ള ബന്ധം ശിഥിലമാക്കപ്പെടുന്ന ഗോത്രജീവിതത്തിന് നാഗരിക ലോകത്തിന്റെ സംഘർഷങ്ങൾ മനോരോഗമാണ് നൽകുന്നതെങ്കിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ?

## തുടച്ചുനീക്കപ്പെട്ട പച്ചപ്പും വനാവകാശ നിഷേധവും

സമുദ്ര നിരപ്പിൽ നിന്ന് ഏതാണ്ട് 450 മുതൽ 2500 വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന അട്ടപ്പാടി പ്രദേശത്തെ വർഷപാതം കൂടുതൽ ലഭിക്കുന്ന പടിഞ്ഞാറൻ പ്രദേശവും വർഷപാതം കുറവ് ലഭിക്കുന്ന കിഴക്കൻ പ്രദേശവുമായി വേർതിരിക്കാം. സൈലന്റ്‌വാലി മുതൽ താരതമ്യേന നല്ല വർഷപാതവും വനമുള്ള മേഖലയാണ്. ഈ മേഖലയിലാണ് പ്രധാനപ്പെട്ട കുറുമ്പ ഊരുകൾ ഉള്ളത്. താഴെ ആനവായ്, മേലെ ആനവായ്, കടുകുമണ്ണ തുടങ്ങിയ ഊരുകളിലും അട്ടപ്പാടിയിലെ വനമേഖലയുമായി ബന്ധമുള്ള 19 ഊരുകളിലായാണ് കുറുമ്പർ സമുദായം കാണപ്പെടുന്നത്. അരനൂറ്റാണ്ട് കാലത്തിന് മുമ്പുവരെ ജൈവസമ്പമായ വനഭൂമി തടിവ്യവസായത്തിന് വേണ്ടി വെട്ടിനീക്കിക്കൊണ്ടിരുന്നു. വനസംരക്ഷകരാകേണ്ട വനംവകുപ്പിന്റെ ഒത്താശയോടെയാണ് ഇത് ചെയ്തത്. കുറുമ്പരുടെ വനാവകാശത്തിന് കോടാലി വീണുതുടങ്ങിയപ്പോൾ, വനപ്രദേശത്തോട് അടുത്ത് കൃഷി ചെയ്യുകയും മാറ്റകൃഷി ചെയ്യുകയും ചെയ്തിരുന്ന ഇരുള ഗോത്രങ്ങൾ സ്വാഭാവികമായും വനത്തിൽ അവകാശമില്ലാത്തവരായി അടുത്തകാലം വരെ കണക്കാക്കപ്പെട്ടു. 2006-ൽ വനാവകാശനിയമം നിലവിൽ വന്നപ്പോൾ മാത്രമാണ് ഇത് പുനഃപരിശോധനയ്ക്ക് വിധേയമാക്കി തുടങ്ങിയത്. അട്ടപ്പാടിയിലെ പ്രബല ഗോത്രവർഗ്ഗവിഭാഗമായ ഇരുളർ 120 ഓളം ഊരുകളിൽ അധിവസിക്കുന്നു. പരമ്പരാഗതമായി നല്ല കൃഷിഭൂമിയുടെ ഉടമകളായിരുന്നെങ്കിലും മധ്യതിരുവതാകൂറിൽ നിന്നുള്ള കുടിയേറ്റം കാരണം ഇരുള വിഭാഗത്തിന് ഭൂമി നഷ്ടപ്പെട്ടു. 1950-ന് ശേഷം അവരുടെ കൃഷിഭൂമിയിടെ പകുതിയോളം കയ്യേറ്റം ചെയ്യപ്പെട്ടു. നഷ്ടപ്പെട്ട ഭൂമി തിരിച്ചെടുക്കാനുള്ള 1975 ലെ നിയമം റദ്ദാക്കിയതിനാൽ ഭൂമി തിരിച്ചുകിട്ടിയുമില്ല. 2006-ലെ കേന്ദ്രവനാവകാശം നിലവിൽ വന്നിട്ടും, കുറുമ്പ-ഇരുള-മുഡുക വിഭാഗക്കാരുടെയും വനാവകാശം അംഗീകരിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ വനാവകാശ നിയമം നടപ്പാക്കുന്നതിൽ അട്ടപ്പാടി ഏറെ പിന്നിലാണ്. ഭൂസംരക്ഷണ നിയമത്തിന്റെ അഭാവത്തിൽ കാറ്റാടിപ്പാടങ്ങൾക്കും, ടൂറിസത്തിനുമായി ഭൂമാഫിയകൾ ഇപ്പോഴും ഭൂമി കയ്യേറിക്കൊണ്ടിരിക്കുന്നു.

## തട്ടിയെടുക്കുന്ന ആദിവാസിഭൂമി

വനാശ്രിതത്വവും പരമ്പരാഗത കാർഷിക സമ്പദ്‌വ്യവസ്ഥയുമാണ് ഗോത്രജീവിതത്തിന്റെ നട്ടെല്ല്. പരിരക്ഷാ നിയമങ്ങൾ ദുർബ്ബലപ്പെടുത്തികൊണ്ടാണ് ആദിവാസികളെ ഭൂമിയിൽ നിന്നും ആട്ടിയോടിക്കുന്നത്. ഭൂപരിഷ്ക്കരണവും ജന്മിത്വവിരുദ്ധ ആശയങ്ങളും ഏറെ ചർച്ചചെയ്യപ്പെട്ട സംസ്ഥാനമാണ് കേരളം. എന്നിട്ടും ആദിവാസികളുടെ ഭരണഘടനാപരമായ വകുപ്പുകളെ കുറിച്ച് ഒട്ടും പരിഗണന നൽകാത്ത നാടുകൂടിയാണിത്. പരമ്പരാഗത ഗ്രാമസമൂഹങ്ങളായി നിലനിൽക്കാനുള്ള ആദിവാസികളുടെ അവകാശങ്ങൾ അംഗീകരിച്ചില്ലെന്ന് മാത്രമല്ല, വനത്തിലും മണ്ണിലും പ്രകൃതിയിലും തണ്ണീർത്തടങ്ങളിലും പരമ്പരാഗതമായി അനുഭവിച്ചുവരുന്ന ജനവർഗ്ഗങ്ങളുടെ അവകാശങ്ങൾ അംഗീകരിക്കുന്ന യാതൊരു നിയമവും കേരളത്തിൽ ഉണ്ടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിദേശികളുടെ അവബോധം തന്നെ കേരളത്തിലും തുടർന്നുവന്നു. കൊളോണിയൽ കാലഘട്ടത്തിലെ എസ്റ്റേറ്റുകളെ തൊടാനുള്ള ധൈര്യവും കാണിച്ചില്ല. ജാതിവ്യവസ്ഥയുടെ ഭാഗമായി അടിച്ചമർത്തപ്പെടുന്ന ദളിതരെ പോലെ മൂന്ന് സെന്റിലും അഞ്ച് സെന്റിലും ആദിവാസികളെയും ഒതുക്കി നിർത്താമെന്ന പൊതുബോധമാണ് രാഷ്ട്രീയ സമൂഹത്തേയും സ്വാധീനിച്ചു പോന്നത്. ജാതിവ്യവസ്ഥയുടെ സ്വാധീനമാണ് ഇതെന്ന് പറയാം. ആയതിനാൽ ഭൂപരിഷ്ക്കരണം നടപ്പാക്കിയ കാലഘട്ടത്തിൽ ആദിവാസികളുടെ സ്വയംഭരണം, പട്ടികവർഗ്ഗ പ്രദേശം, വനാവകാശം തുടങ്ങിയ ഭരണഘടനാപ്രശ്നങ്ങളൊന്നും കേരളത്തിൽ ചർച്ച ചെയ്തില്ല. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ഇതെല്ലാം ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ ഇക്കാര്യത്തിൽ നിരക്ഷരരാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ നിലനിന്ന ഒരേയൊരു ആദിവാസി സംരക്ഷണ നിയമം (KSTA 1975) 1999-ൽ റദ്ദാക്കുകയും ചെയ്തു.

## നിയമം അട്ടിമറിക്കപ്പെട്ടതെങ്ങനെ?

1970 കളുടെ അന്ത്യത്തോടെ ഇന്ത്യയിലെമ്പാടും നടപ്പാക്കിയ ഇന്റർഗ്രേറ്റഡ് ട്രൈബൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം (ITDP) നടപ്പാക്കിയപ്പോൾ കേരളത്തിലെ ഏറ്റവും വലിയ ITDP പ്രദേശം അട്ടപ്പാടിയായിരുന്നു. ആദിവാസികളുടെ ഭൂമിയും സംസ്ക്കാരവും സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് ITDP സംവിധാനം നിലവിൽ വന്നത്. ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമിയെ സംബന്ധിച്ചുള്ള കണക്കെടുപ്പ് ITDP വഴി നടത്തി. 1982 ൽ പ്രസിദ്ധീകരിച്ച് ഈ റിപ്പോർട്ട് അനുസരിച്ച്, അട്ടപ്പാടിയിൽ 10,106. 19 ഏക്കർ ഭൂമി ആദിവാസികൾക്ക് നഷ്ടമായിട്ടുണ്ടെന്ന് കണ്ടെത്തിയിരുന്നു. 75 ലെ KST നിയമം അനുസരിച്ച് നഷ്ടപ്പെട്ട ഭൂമി തിരിച്ചെടുക്കാനുള്ള ആവശ്യം ആദിവാസികൾ ഉന്നയിച്ചതോടുകൂടി ഇടത്-വലത് പാർട്ടികൾ പ്രസ്തുത നിയമം റദ്ദാക്കുകയും 1999-ൽ മറ്റൊരു ഭേദഗതിനിയമം നിയമസഭയിൽ ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തു. ശ്രീമതി ഗൗരിയമ്മ മാത്രമാണ് അതിനെ എതിർത്തത്.

1999 ഭേദഗതി നിയമം അനുസരിച്ച് 985 കേസുകളാണ് അട്ടപ്പാടിയിലെ 6 വില്ലേജുകളിലായി ഉള്ളത്. അഗളി (366), പാടവയൽ (94), പുത്തൂർ (122), കള്ളമല (180), കോട്ടത്തറ (108), ഷോളയൂർ (166). ഭേദഗതിനിയമ അനുസരിച്ച് അഞ്ച് ഏക്കർ വരെ കൈവശം വെയ്ക്കുന്ന കയ്യേറ്റക്കാരന് സ്ഥിരാവകാശം നൽകാനും അഞ്ച് ഏക്കറിൽ കൂടുതലുള്ളത് പിടിച്ചെടുക്കാനും നിയമമുണ്ടാക്കിയിരുന്നു. കുടിയേറ്റക്കാരന് സ്ഥിരാവകാശം നൽകുന്ന അഞ്ച് ഏക്കറിന് പകരം ഭൂമി സർക്കാർ നൽകണം. ഈ ഭേദഗതിനിയമം അനുസരിച്ച് 2733 ഏക്കർ ഭൂമി പകരമായി സർക്കാർ നൽകേണ്ടതാണ്. 485.31 ഏക്കർ പിടിച്ചെടുത്തും നൽകണം. സുപ്രിംകോടതി അംഗീകാരം നൽകിയ അട്ടിമറി നിയമം ആദിവാസികൾ നാളിതുവരെ അംഗീകരിച്ചിട്ടില്ല. സർക്കാരാകട്ടെ, പകരം ഭൂമി നൽകുകയോ പിടിച്ചെടുത്ത് നൽകുകയോ ചെയ്തിട്ടില്ല. തികച്ചും നിയമവിരുദ്ധമായി കുടിയേ

റ്റക്കാർ കൈവശം വെച്ചുവരുന്ന ഭൂമിക്ക് കരമടയ്ക്കാനുള്ള സൗകര്യം ചെയ്യാൻ സർക്കാർ നിയമവിരുദ്ധമായി റീസർവ്വെ നടപടിക്ക് ഒരുങ്ങുകയാണ്. ജനാധിപത്യ സംവിധാനം നൽകുന്ന എല്ലാ വാതിലുകളും കേരളത്തിലെ സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇങ്ങിനെയാണ് ആദിവാസികൾക്കെതിരെ കൊട്ടിയടച്ചത്.

### വിഭവക്കൊള്ളയും ITDP യുടെ മരണവും

വനഭൂമിയിൽ നിന്നും കൃഷിഭൂമിയിൽ നിന്നും ഗോത്രജീവിതത്തെ തുടച്ചുമാറ്റാൻ പുതിയൊരു തന്ത്രം കൂടി ബ്യൂറോക്കസിയും ഭരണകൂടങ്ങളും കണ്ടുപിടിച്ചിരുന്നു. ആദിവാസി ഫണ്ട് കോൺട്രാക്ടർ ലോബികളിലൂടെയും ഇടനിലക്കാരിലൂടെയും തട്ടിയെടുക്കുന്ന സംവിധാനമാണ് അട്ടപ്പാടിയിൽ വികസിപ്പിച്ചത്. അഹാർട്സിന് ജപ്പാൻ ഗവൺമെന്റ് ധനസഹായം നൽകുന്നതിന് മുമ്പ് പാലക്കാടുള്ള ഐ.ആർ.റ്റി.സി. അട്ടപ്പാടിയിൽ 1990 വരെ ചെലവഴിച്ച ഫണ്ടിനെ കുറിച്ച് പഠനം നടത്തുകയുണ്ടായി. ഇടനിലക്കാരാണ് ഫണ്ട് തട്ടിയെടുക്കുന്നതെന്ന് കണ്ടെത്തിയിരുന്നു. ഇതൊഴിവാക്കുക എന്നതാണ് പുതിയ ഫണ്ടിംഗ് പദ്ധതിയുടെ നയമെങ്കിലും കോൺട്രാക്ടർമാർക്ക് പകരം എൻ.ജി.ഒകളും കൺസൾട്ടൻസികളും വലിയൊരു ഉദ്യോഗസ്ഥനിരയും രംഗത്തുവരുന്നതാണ് നാം കാണുന്നത്. കൂടാതെ ത്രിതല പഞ്ചായത്ത്രാജ് സംവിധാനവും അഹാർഡ്സും നിലവിൽ വന്നതോടെ ഐ.റ്റി.ഡി.പി.യെ ഇല്ലായ്മ ചെയ്യാൻ അതിന്റെ നിയന്ത്രണം ഗ്രാമന്ത്രാലയത്തിന് കൈമാറി. ഫലത്തിൽ ആദിവാസി ഫണ്ട് കുടിയേറ്റക്കാരുടെ നിയന്ത്രണത്തിലായി. വർഷങ്ങളായി അട്ടപ്പാടി ബ്ലോക്ക് വഴി ചിലവിഴിക്കുന്ന മൂന്ന് പഞ്ചായത്തുകളുടെ വികസന ഫണ്ട് കുടിയേറ്റക്കാർക്ക് വേണ്ടിയാണ് ഏറെയും ഉപയോഗിക്കുന്നത്. ഇക്കാരണത്താൽ ഭൂമിയിൽ നിന്നും വിഭവാധികാരത്തിന്റെ മറ്റ് സാധ്യതകളിൽ നിന്നും മാറ്റിനിർത്തപ്പെടുന്ന ഗോത്രസമൂഹത്തിന്റെ അവശേഷിക്കുന്ന കൃഷിഭൂമി വരൾച്ച ബാധിതപ്രദേശമായി പരിണമിക്കുകയും പോഷകാഹാരവും ആരോഗ്യവും നഷ്ടപ്പെട്ട ഒരു ജനതയായി വംശഹത്യയിലേയ്ക്ക് ആദിവാസികൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

വർഷങ്ങളായി അട്ടപ്പാടി ബ്ലോക്ക് വഴി ചിലവിഴിക്കുന്ന മൂന്ന് പഞ്ചായത്തുകളുടെ വികസനഫണ്ട് കുടിയേറ്റക്കാർക്ക് വേണ്ടിയാണ് ഏറെയും ഉപയോഗിക്കുന്നത്. ഇക്കാരണത്താൽ ഭൂമിയിൽ നിന്നും വിഭവാധികാരത്തിന്റെ മറ്റ് സാധ്യതകളിൽ നിന്നും മാറ്റിനിർത്തപ്പെടുന്ന ഗോത്രസമൂഹത്തിന്റെ അവശേഷിക്കുന്ന കൃഷിഭൂമി വരൾച്ച ബാധിതപ്രദേശമായി പരിണമിക്കുകയും പോഷകാഹാരവും ആരോഗ്യവും നഷ്ടപ്പെട്ട ഒരു ജനതയായി വംശഹത്യയിലേയ്ക്ക് ആദിവാസികൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

### കാർഷിക പദ്ധതിയിലെ വിവേചനം

അട്ടപ്പാടിയിലെ കൃഷിഭൂമി കണ്ടാലറിയാം ആദിവാസികളുടെ ഭൂമിയാണോ, അനാദിവാസിയുടെ ഭൂമിയാണോ അതെന്ന്. ഉള്ള ഭൂമിയിൽ ജലസേചനമില്ലായ്മ കാരണം പരമ്പരാഗത കാർഷിക സമ്പദ്വ്യവസ്ഥയിൽ നിന്നും പിറകോട്ട് പോയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് ട്രൈബൽ വകുപ്പ്, കൃഷിവകുപ്പ്, അഹാർഡ്സ് തുടങ്ങിയവയിൽ നിന്നൊന്നും ജലസേചനത്തിന് പിന്തുണ കിട്ടിയില്ല. ജലനിധി പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. അഗളിയിൽ മാത്രം എട്ട് കോടി രൂപയുടെ പൈപ്പ് കുഴിച്ചിട്ടതായി പറയുന്നു. അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയെ കുറിച്ചും, അതിന്റെ ഫലത്തെ കുറിച്ചും അന്വേഷണം ആവശ്യമാണ്. അട്ടപ്പാടിയിൽ നിന്ന് കിഴക്കോട്ടേയ്ക്ക് പോകുമ്പോൾ മരുവൽക്കണം ശക്തമാണ്. ഇത് ഭൂമാഫിയകൾ കടന്നുവരുന്നതിന് കാരണമാകുന്നു. കാറ്റാടി യന്ത്രം സ്ഥാപിച്ച് ഭൂമി കൈയ്യേറ്റം നടത്തിയ രീതിക്ക് സർക്കാർ സംരക്ഷണം നൽകിയെന്നതും ഭൂമാഫിയ പ്രവർത്തനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

### ഉപജീവന പ്രതിസന്ധിയും ശിശുമരണവും

കൃഷിഭൂമി ഉള്ളവരും ഉപജീവന പ്രതിസന്ധി നേരിടുകയാണ്. സ്ത്രീകളുടെ പോഷകാഹാരകുറവും രക്തക്കുറവും ശിശുമരണത്തിന് ആക്കം കൂട്ടി. 2012-13 കാലഘട്ടത്തിൽ നൂറോളം കുട്ടികൾ മരണമടഞ്ഞിട്ടുണ്ട്. മാസം തികയാതെ പ്രസവിക്കൽ, ഭാരമില്ലായ്മ, ഗർഭം അലസിപോകൽ തുടങ്ങിയവയെല്ലാം ശിശുമരണത്തിന് കാരണമാകുന്നു. സ്ത്രീകളുടെ ആരോഗ്യമില്ലായ്മയാണ് അടിസ്ഥാന പ്രശ്നം. 2014-ൽ 22 കുഞ്ഞുങ്ങൾ മരണപ്പെട്ടതായി 'തമ്പി'ന്റെ അന്വേഷണം വെളിപ്പെടുത്തുന്നു. നവജാതശിശുമരണം ഒരു ജനതയുടെ സാമൂഹ്യാരോഗ്യത്തിന്റെ പ്രതിഫലനമായി കാണുകയും വളരെ അടിസ്ഥാനപരമായ പരിശോധന ആവശ്യപ്പെടുന്നതുമാണ്.

### ശിശുമരണവും പാക്കേജുകളും

ശിശുമരണം വാർത്തയായതോടെ നിരവധി പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടു. വാട്ടർ അതോറിറ്റി 30 കോടി, ജലനിധി നാല് കോടി, പട്ടികവർഗ്ഗം ഒരു കോടി, വെജിറ്റബിൾ പ്രമോഷൻ ഒന്നേമുക്കാൽ കോടി, പാരമ്പര്യകൃഷിക്ക് മൂന്ന് കോടി, കൂടാതെ കുടുംബശ്രീയുടെ വ്യാപനത്തിന് കേന്ദ്രത്തിൽ നിന്നും 250 കോടി. കുടുംബശ്രീയുടെ പ്രവർത്തനമാണ് ശിശുമരണത്തിന് ശേഷം അട്ടപ്പാടിയിൽ പ്രോത്സാഹിപ്പിക്കപ്പെട്ടത്. സി.എ.ജി കുറവുകൾ കണ്ടെത്തിയ കുടുംബശ്രീയുടെ പോഷകാഹാരപരിപാടിയുടെ മറ്റൊരു രൂപം മാത്രമാണ് ഇപ്പോൾ നടപ്പാക്കപ്പെടുന്ന കമ്മ്യൂണിറ്റി കിച്ചൺ. ശിശുമരണം ഇപ്പോഴും തുടരുന്നുണ്ട്. ശിശുമരണത്തിന്റെ പേരിലുള്ള ഇത്തരം ഫണ്ടിംഗ് പരിപാടികൾ ഉദ്യോഗസ്ഥരുടെ ശാക്തീകരണം മാത്രമാണ് നടത്തുന്നത്. പരമ്പരാഗത ആദിവാസി ഊരുകളുടെ ശാക്തീകരണത്തിന് നേർവിപരീതമായി ഊരുകൂട്ടങ്ങളെ ഇത് ശിഥിലമാക്കുകയും ചെയ്യുന്നു. ഗർഭിണികളായ സ്ത്രീകൾക്ക് വേണ്ടി നടപ്പാക്കിയ ജനനി-ജന്മസുരക്ഷാ പദ്ധതിയുടെ ഫണ്ട് തട്ടിയെടുത്തവർ പോലും ഇപ്പോഴും സുരക്ഷിതരായി കഴിയുന്നു.

### വികസനവും ഊരിന്റെ ശിഥിലീകരണവും

അട്ടപ്പാടിയിൽ പരീക്ഷണവുമായി എത്തിയ എല്ലാ വി

ദഗ്ദരും തകർത്തുകളഞ്ഞത് ആദിവാസികളുടെ കൂട്ടായ്മയും പരമ്പരാഗത ഊരുകളുടെ ഗ്രാമസഭാ സംവിധാനവുമാണ്. അട്ടപ്പാടിക്ക് ഗോത്ര ജനാധിപത്യത്തിന് പരമ്പരാഗത രൂപങ്ങളുണ്ട്. മൂപ്പൻ, കുറുതല, ഭണ്ഡാരി, മണ്ണൂക്കാരൻ തുടങ്ങിയവരുൾക്കൊള്ളുന്ന സംവിധാനമാണത്. ഇതിന് പകരമായി വികസന വിദ്ഗദർ സഹകരണ എസ്റ്റേറ്റുകളുണ്ടാക്കി, മൂപ്പൻസ് കൗൺസിലിലൂടെ ഊരുകളെ നിയന്ത്രിച്ചുവന്നു. അഹാർഡ്സും എൻ.ജി.ഒകളും രംഗത്ത് വരുന്നതോടെ ഊരുവികസന സൊസൈറ്റികളിലൂടെ ഊരിന്റെ നിയന്ത്രണം ഏറ്റെടുത്തു. പഞ്ചായത്തും, ഐ.റ്റി.ഡി.പിയും, ടോക്കും, വനംവകുപ്പും അതിന്റെ വി.എസ്.എസ്.കളും, വനാവകാശ സമിതികളും അവരവരുടെ രീതിയിൽ ഗ്രാമസഭകളെ ദുരുപയോഗം ചെയ്തു. കുടുംബശ്രീയും, മറ്റ് എസ്.എച്ച്.ജികളും അവരുടെ രീതിയിലും ഊരുകൂട്ടങ്ങളെ ശിഥിലമാക്കി. എല്ലാ സംവിധാനങ്ങളും ചെയ്തത് ഊരുകൂട്ടങ്ങൾ വിളിച്ചുചേർത്ത് തികച്ചും ജനാധിപത്യവിരുദ്ധമായി മിനുറ്റ്സുകളിലും രേഖകളിലും ഒപ്പിട്ടുവാങ്ങിക്കുകയായിരുന്നു. ഇങ്ങനെ ഫണ്ട് തട്ടിയെടുക്കുന്നതിനും വിഭവാധികാരവും വനാവകാശവും നിഷേധിക്കുന്നതിനും ഊരിന്റെ പരമ്പരാഗത ജനാധിപത്യ അധികാരം തകർത്തുകൊണ്ടിരിക്കുന്നു. ഊരിന്റെ ജനാധിപത്യ അവകാശം സംരക്ഷിക്കാൻ എല്ലാ ബാഹ്യശക്തികളെയും അടിച്ചുപുറത്താക്കണം ഊരിന്റെ പരമ്പരാഗത ഗ്രാമസഭാ അവകാശത്തിൽ ബാഹ്യഇടപെടൽ നിരോധിക്കുന്ന നിയമത്തിന് രൂപം നൽകേണ്ടതാണ്.

### പെസാ നിയമത്തിന്റെ സാധ്യത

പെസാ നിയമത്തിന്റെ പരിധിയിൽ അട്ടപ്പാടിയെ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിന്റെ മുന്നിൽ ഇപ്പോഴും നിർദ്ദേശമുണ്ട്. 2014ലെ നിൽപ്പുസമരത്തിന്റെ ഫലമാണിത്. അട്ടപ്പാടിയുൾപ്പെടെ 2200 ഓളം വരുന്ന ആദിവാസി ഊരുകളെ പട്ടികവർഗ്ഗമേഖലയായി പ്രഖ്യാപിക്കപ്പെടണം. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇത് ചർച്ച ചെയ്ത് തുടങ്ങണം. പെസ നിയമത്തിന് മുന്നോടിയായി ഊരുകളുടെ സ്വയംഭരണം സാധ്യമാകുന്ന ഒരു സംസ്ഥാന നിയമനിർമ്മാണമാണ് ഉടനടി ഉണ്ടാകേണ്ടത്. ഊരിന്റെ ആഭ്യന്തര കാര്യങ്ങളിലുള്ള ഭരണകൂടത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വനംവകുപ്പിന്റെയും ഐ.റ്റി.ഡി.പിയുടെയും കുടുംബശ്രീയുടെയും മറ്റ് എൻ.ജി.ഒകളുടെയും ഇടപെടൽ അവസാനിപ്പിക്കുകയും ആദിവാസികളുടെ വികസനം, ജീവിതം, കൃഷി, ഭൂമി, സംസ്ക്കാരം തുടങ്ങിയവ ക്രമീകരിക്കുന്ന ആദിവാസി ഊരിന്റെ ജനാധിപത്യം അംഗീകരിക്കപ്പെടണം.

### മധുവിന്റെ മരണം പഠിപ്പിക്കുന്നത്

മരിച്ചുകൊണ്ടിരിക്കുന്ന ഒരു ജനതയുടെ നെഞ്ചിലേറ്റ ചവിട്ടാണ് മധുവിന്റെ ഉയിരെടുത്തത്. ഇതിന്റെ പിടച്ചിൽ അട്ടപ്പാടിയിലെ ആദിവാസികളിലും എല്ലാ മനുഷ്യസ്നേഹികളിലും ഉണ്ടായി. ആദിവാസിയെ വെടിവെച്ചുകൊന്നാലും (മുത്തങ്ങയിൽ ജോഗി വെടിവെച്ച് കൊല്ലപ്പെട്ടപ്പോൾ) ആദിവാസിയെ ചവിട്ടിക്കൊന്നാലും അസ്വാഭാവിക മരണത്തിന് മാത്രമേ ഭരണകൂടം കേസെടുക്കൂ. ഈ സ്ഥിതിമാറി പൗരത്വം അംഗീകരിക്കപ്പെടാനും, അന്തസ്സോടെ എഴുന്നേറ്റ് നിൽക്കാനും ആദിവാസികളെ അനുവദിക്കണം. അവരെ വെറുതെ വിടണം. നാളിതുവരെയുള്ള ദുരൂഹമരണങ്ങൾ അന്വേഷിക്കപ്പെടണം; ചട്ടവിരുദ്ധമായി നടപ്പാക്കപ്പെടുന്ന 1999-ലെ നിയമം റദ്ദാക്കുകയു അതുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും നിർത്തലാക്കുകയും വേണം; വനാവകാശനിയമം സമഗ്രമായി നടപ്പാക്കണം; ആദിവാസി പ്രോജക്ട് ഭൂമി ആദിവാസികൾക്ക് തിരിച്ചുനൽകണം; കേന്ദ്രസർക്കാർ കൈമാറിയ നിക്ഷിപ്ത വനഭൂമി ആദിവാസികൾക്ക് കൈമാറണം; മദ്യശാലകൾ അട്ടപ്പാടിയിൽ സ്ഥാപിക്കുവാനുള്ള നീക്കം ഉപേക്ഷിക്കണം; പെസാ നിയമം നടപ്പാക്കണം; അട്ടപ്പാടിയിലെ ആദിവാസികൾക്ക് ജലസേചനവും കാർഷിക പിന്തുണയും നൽകണം; ഊരുകളിലെ ജനാധിപത്യപരമായ പ്രവർത്തനത്തിൽ ബാഹ്യ ഇടപെടൽ ഒഴിവാക്കുന്ന നിയമം നടപ്പാക്കണം. മേൽപ്പറഞ്ഞ കാര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള അടിസ്ഥാന സമീപനം സ്വീകരിച്ചാൽ മാത്രമേ മറ്റെല്ലാതരം ഫണ്ട് വിനിയോഗ പദ്ധതികളും ആദിവാസികൾക്ക് ഗുണകരമാകൂ. ■

### ആദിവാസി വികസനം: ചില യാഥാർത്ഥ്യങ്ങൾ

കേരള ജനസംഖ്യയുടെ 1.45 ശതമാനം മാത്രം വരുന്ന അഞ്ചേകാൽ ലക്ഷം ജനതയുടെ ബഹുഭൂരിപക്ഷവും 4644 ആദിവാസി ഊരുകളിലെ 21,696 സെറ്റിൽമെന്റുകളിലും കോളനികളിലുമായാണ് കഴിയുന്നത്. ആദിവാസിവിരുദ്ധ നടപടികളുമായി ഒരുവശത്ത് സർക്കാർ മുന്നോട്ടുപോകുമ്പോൾ മറുവശത്ത് നഗരങ്ങളിൽ മ്യൂസിയവും ഹെറിറ്റേജ് സെന്ററുമൊക്കെ പണിഞ്ഞ് ഭൂതകാലത്തിൽ ജീവിച്ചിരുന്ന, സംരക്ഷിക്കേണ്ട വസ്തുവായി ആദിവാസികളെ മാറ്റുന്നതിനുള്ള ശ്രമവും നടക്കുകയാണ്. കോഴിക്കോട് 16.6 കോടി രൂപയ്ക്ക് ഗോത്ര മ്യൂസിയവും എറണാകുളം നഗരമധ്യത്തിൽ 50 കോടി രൂപയ്ക്ക് ട്രൈബൽ ഹെറിറ്റേജ്സെന്ററും വയനാട് ലക്കിടിയിൽ 25 ഏക്കറിൽ 'എൻ ഊര്' മ്യൂസിയവുമാണ് നിർമ്മിക്കുന്നത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എറണാകുളത്ത് പഠിക്കാൻ എത്തിയ ഇരുപതോളം ആദിവാസി വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ പഠനം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. കോഴിക്കോട്, പാലക്കാട്, തിരുവനന്തപുരം ജില്ലകളിലെ മൂന്ന് ഹോസ്റ്റലുകൾക്ക് മാത്രമേ പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്ന് ധനസഹായം നൽകുന്നുള്ളു. അതിനാൽ, മറ്റു ജില്ലകളിലെല്ലാം പട്ടികജാതി വികസനവകുപ്പ് നടത്തുന്ന ഹോസ്റ്റലുകളിൽ ലഭ്യമാകുന്ന പരിമിതമായ സീറ്റുകളിൽ മാത്രമാണ് ആദിവാസി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുന്നത്. 491 ഊരുകളിലോ സമീപങ്ങളിലോ അംഗൻവാടികൾ പോലുമില്ലെന്ന് 'കില'യുടെ പഠനത്തിൽ പറയുന്നു. കേരളം സമ്പൂർണ്ണ സാക്ഷരത നേടിയെന്ന് അവകാശപ്പെടുമ്പോൾ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അസൗകര്യംമൂലം ആദിവാസികളിലെ 28% ഇന്നും നിരക്ഷരരാണ്. കേരളത്തിന്റെ മാനവവികസന സൂചികകളിലൊന്നും ആദിവാസികൾ പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. പകുതി കുട്ടികളും (49.27%) പ്രൈമറി വിദ്യഭ്യാസം മാത്രം നേടിയവരാണ്. ഡിഗ്രിയോ അതിനുമുകളിലോ ഉന്നത വിദ്യഭ്യാസം നേടിയവരാകട്ടെ വെറും 1.31 ശതമാനവും. ആദിവാസികളിലെ 85.19 ശതമാനം കുട്ടികളും പ്രാഥമിക വിദ്യഭ്യാസം പോലും നേടാതെ പഠനം ഉപേക്ഷിക്കുന്നു.

**- കേരളീയം ഡസ്ക്**